# 'നിത്യ ജീവൻ'

## യോഹന്നാൻ 17:3

**"ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നെ നിത്യജീവൻ ആകുന്നു."**

പിതാവിനെയും യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ എന്നു വചനം പറയുന്നു. എന്നാൽ ഇവിടെ 'അറിയുക' എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്. യേശുക്രിസ്തുവിനെ സ്വന്തമാക്കുന്നവന് നിത്യജീവൻ ഉണ്ട്. ദൈവപുത്രനില്ലാത്തവനു ജീവൻ ഇല്ല എന്നു വചനത്തിൽ പറയുന്നു. ഇവിടെ "അറിയുക" എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് ഈ സ്വന്തമാക്കലിനെയാണ്. ജീവിതത്തിൽ യാതൊരു ഉപാധികളുമില്ലാതെ സ്വാർഥമായ താത്പര്യങ്ങളില്ലാതെ കർത്താവിനെ സ്നേഹിക്കുകയും അവനായി സമർപ്പിക്കുകയും ചെയ്യുന്നതാണ് ഈ സ്വന്തമാക്കൽ. യേശുക്രിസ്തുവിനു ജീവിതത്തിൽ ഏറ്റവും അധികമായി വിലകൊടുത്ത് സ്നേഹിക്കുന്നതാണ് ഈ സ്വന്തമാക്കൽ. കാരണം 1 യോഹന്നാൻ 5:11 –12ൽ പറയുന്നു **"ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ട് എന്നുള്ളതു തന്നേ. പുത്രനുള്ളവനു ജീവൻ ഉണ്ട്. ദൈവപുത്രനില്ലാത്തവനു ജീവൻ ഇല്ല."**

നാം ഓരോരുത്തരും നമ്മോട് തന്നെ ഒന്നു ചോദിച്ചു നോക്കുക, ഈ ദൈവപുത്രനെ നാം സ്വന്തമാക്കിയിട്ടുണ്ടോ, അതോ ജീവിതത്തിന്റെ സ്വാർഥ താത്പര്യങ്ങൾക്കായി അവശ്യ നേരങ്ങളിൽ മാത്രം സഹായം തേടിയവരുടെ ഗണത്തിലാണോ? അങ്ങനെയെങ്കിൽ നമുക്ക് തെറ്റിപ്പോയി. കാരണം നമ്മെ വേഗത്തിൽ വഴി തെറ്റിക്കുവാൻ സാത്താന് സാധിക്കും, എന്നാൽ തനിക്കുള്ള എല്ലാത്തിനെക്കാളും, തന്നെക്കാളും ഉപരിയായി കർത്താവിനെ സ്നേഹിക്കുന്ന ഒരുവനെ ആ സ്നേഹത്തിൽ നിന്ന് അടർത്തി മാറ്റാൻ പിശാചിന് സാധിക്കില്ല കാരണം അവൻ യേശുക്രിസ്തുവിനെ സ്വന്തമാക്കിയതാണ്. നമ്മുടെ ഒരു പ്രവൃത്തിക്കോ നല്ല നടപ്പിനോ പാരമ്പര്യത്തിനോ സമ്പത്തിനോ ഒന്നിനും നമ്മെ നിത്യതയിലേക്ക് പ്രവേശിപ്പിക്കാൻ സാധിക്കില്ല. ഈ പുത്രനിലൂടെ അല്ലാതെ അവന്റെ രക്തത്തിൽ കുളിച്ചിട്ടല്ലാതെ നമുക്ക് രക്ഷയില്ല. പുത്രനെ കൂടാതെ നാം ചെയ്യുന്ന ഒരു നീതി പ്രവൃത്തിയും നമ്മെ നിത്യതയിലേക്ക് അടുപ്പിക്കുകയില്ല. അതുകൊണ്ട് ഇത്ര വലിയ സ്നേഹം ചൊരിഞ്ഞ് തന്ന പുത്രനെ നമുക്കും സ്വന്തമാക്കാൻ ശ്രമിക്കാം. അതിനായി നാം വില കൊടുക്കാൻ തയ്യാറാവണം.

ലൗകീകവും നശ്വരവുമായ എന്തെല്ലാം കാര്യങ്ങൾക്ക് നാം വില കൽപിക്കുന്നു. എന്നാൽ ഏറ്റവും പ്രാധാന്യമുള്ള നിത്യ സത്യമായ ഈ നിത്യതയ്ക്ക് വേണ്ടി നാം ജീവിതത്തിൽ എന്ത് വില കൊടുക്കുന്നു എന്ന് ചിന്തിക്കാം. ലോകത്തിലെ പലർക്കും വെളിപ്പെട്ടു കിട്ടാത്ത സത്യം നമുക്ക് വെളിപ്പെട്ട് കിട്ടിയിട്ടും കാൽവറിയിലെ സ്നേഹം അനുഭവിച്ചിട്ടും ഈ പുത്രനെ സ്വന്തമാക്കാൻ നാം തയ്യാറായില്ല എങ്കിൽ നമ്മുടെ ജീവിതത്തിൽ അത് നികത്താനാവാത്ത നഷ്ടം തന്നെയാണ്. കാരണം ഇനി നമ്മെ വീണ്ടെടുക്കാൻ ഒരു ബലിയും അവശേഷിക്കുന്നില്ല. മന:പൂർവ്വമായി നാം ഈ സത്യത്തിനു നേരെ കണ്ണടച്ചാൽ ഈ യേശുക്രിസ്തുവിനെ സ്നേഹിക്കുവാൻ കഴിയാതിരുന്നാൽ പിന്നെ നമുക്ക് മടങ്ങി വരാൻ അവസരം ലഭിക്കണമെന്നില്ല. അതു കൊണ്ട് ജീവിതത്തിൽ മറ്റെന്തിനേക്കാളും ഉപരിയായി ഈ ദൈവത്തെ നമുക്ക് സ്നേഹിക്കാം. പുത്രനെ സ്വന്തമാക്കി കൊണ്ട് ഈ ലോകത്തിൽ ജീവിച്ച് നിത്യതക്കായി ഒരുങ്ങാം.

**പരാമർശം :**

**1 യോഹന്നാൻ 3:1**

**"കാണ്മീൻ നാം ദൈവമക്കൾ എന്ന് വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു."**

**സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 059**